നം.ജെ. 5450/2014

ഫാം ഇൻഫർമേഷൻ ബ്യൂറോ
കവടിയാർ.പി.ഒ
തിരുവനന്തപുരം-3
തീയതി: 30.09.2014.

## ലഘുദർഘാസ് പരസ്യം

കവടിയാറിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോ 2014 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ പ്രഗതി മൈതാനിയിൽ വച്ചു നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പങ്കെടുക്കുന്നുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പവലിയൻ നിർമ്മിക്കുന്നതിനും കമനീയമായി മോടി പിടിപ്പിക്കുന്നതിനും അനുബന്ധജോലികൾ ചെയ്യുന്നതിനും മുദ്രവച്ച ദർഘാസുകൾ ന്യൂഡൽഹിയിൽ പവലിയനുകളുടെ നിർമ്മാണം ഏറ്റെടുത്ത് ചെയ്തിട്ടുള്ള പ്രഗത്ഭരിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു. വിശദ വിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറിലുള്ള ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

| | |
|---|---|
| അടങ്കൽ തുക | - 2,50,000/- രൂപ (രൂപ രണ്ടു ലക്ഷത്തി അമ്പതിനായിരം) |
| നിരതദ്രവ്യം | - 2,500/- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ.പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ കൈമാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | - |
| അസ്സൽ | - രൂപ 400+വാറ്റ് |
| ഡ്യൂപ്ലിക്കേറ്റ് | - രൂപ 200+വാറ്റ് |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും, സമയവും | - 20.10.2014 പകൽ 1 മണി വരെ |
| ദർഘാസ് സ്വീകരിക്കുന്ന അവസാനിക്കുന്ന തീയതിയും, സമയവും | - 20.10.2014 പകൽ 2.30 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും, സമയവും | - 20.10.2014 പകൽ 3 മണി |

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ.

## നിബന്ധനകൾ

1. 10 മീറ്റർ X 2 മീറ്റർ വിസ്തീർണ്ണത്തിലും 3 മീറ്റർ ഉയരത്തിലുമാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ പവിലിയൻ സജ്ജീകരിക്കേണ്ടത്. ഏതെങ്കിലും സാഹചര്യത്തിൽ പവലിയന്റെ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തേണ്ടിവന്നാൽ അത്തരത്തിൽ ജോലികൾ പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
2. ഭാരത അന്താരാഷ്ട്ര വ്യാപാരമേളയുടെ ഈ വർഷത്തെ വിഷയമായ 'Women Entrepreneurs' എന്നതിനെ ആസ്പദമാക്കി പവിലിയന്റെ ഒരു മാതൃക തയ്യാറാക്കി ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. കേരളത്തിലെ കൃഷിയും അനുബന്ധ കാർഷിക വ്യവസായങ്ങളെയും ചിത്രീകരിക്കുന്ന ശില്പങ്ങൾ, ചിത്രങ്ങൾ എന്നിവ കേരള പവലിയന്റെ സെൻട്രൽ തീമിനോട് യോജിക്കുന്ന തരത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയനിൽ സജ്ജീകരിക്കേണ്ടതാണ്. ഇതിനായി ഉപയോഗിക്കുന്ന നിറങ്ങളും മറ്റ് വസ്തുക്കളും കേരള പവിലിയന്റെ ചുമതലയുള്ള ആർക്കിടെക്ടിന്റെ നിർദ്ദേശാനുസരണം പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
3. മേളയിൽ പ്രദർശിപ്പിക്കുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഫാം ഇൻഫർമേഷൻ ബ്യൂറോ ശേഖരിച്ച് നൽകുന്ന വസ്തുക്കൾ ന്യൂഡൽഹിയിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയനിൽ എത്തിച്ച് കമനീയമായി ഡിസ്പ്ലേ ചെയ്യുന്നതിനും ഉചിതമായ സംവിധാനം കേരള ശൈലിയിൽ ഒരുക്കേണ്ടതാണ്.
4. കേരളത്തിലെ കാർഷിക വിളകൾ, ഭക്ഷ്യസംസ്ക്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, പ്രവർത്തികൾ എന്നിവയെ അടിസ്ഥാനമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന ഫോട്ടോകൾ അക്രിലിക്ക് ഷീറ്റിൽ വിനൈൽ പ്രിന്റ് ചെയ്ത് ബാക്ക്ലൈറ്റ് കൊടുത്ത് ഭംഗിയായി പ്രതിഫലിപ്പിക്കേണ്ടതാണ്. ഇതിനായി 120 cm x 90 cm അളവിലുള്ള 10 ട്രാൻസ്പാരൻസികൾ തയ്യാറാക്കേണ്ടതാണ്.
5. പവിലിയനിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ ബ്രോഷറുകൾ, ബുക്ക്ലെറ്റുകൾ പ്രസിദ്ധീകരണങ്ങൾ എന്നിവ വയ്ക്കുന്നതിനും ഒരു Help Desk പ്രവർത്തിപ്പിക്കുന്നതിനും സൗകര്യം ചെയ്യേണ്ടതാണ്.

1354619

GOVERNMENT OF KERALA

6. കേരള സർക്കാർ മുദ്രയുടെ ചിത്രവും, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന ബോർഡും സ്ഥാപിക്കേണ്ടതാണ്.
7. ചെടികൾ വയ്ക്കുന്നതിന് 50 സെന്റീമീറ്റർ ചതുരത്തിൽ റീപ്പർ കൊണ്ട് 10 ബോക്സുകൾ തയ്യാറാക്കേണ്ടതാണ്. പവിലിയൻ മോടി പിടിപ്പിക്കുന്നതിനായി പുഷ്പാലങ്കാരവും ഒരുക്കേണ്ടതാണ്.
8. പവലിയൻ റെന്റ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
9. ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയനിൽ ഉപയോഗിക്കുന്ന ലൈറ്റുകളുടെ വൈദ്യുതി ചാർജ് / വാടക കരാറുകാരൻ നൽകേണ്ടതാണ്.
10. ഫാം ഇൻഫർമേഷൻ ബ്യൂറോ നിർമ്മിച്ച വീഡിയോ ഡോക്യുമെന്ററികൾ സ്റ്റാളിൽ പ്രദർശിപ്പിക്കുന്നതിന് 42" വലിപ്പമുള്ള ഒരു LED TV യും DVD പ്ളെയറും റെന്റ് അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടതാണ്.
11. കരാർ ലഭിക്കുന്ന ആൾ ജോലികൾ ആരംഭിക്കുന്നതിനുമുമ്പായി 100/- രൂപ പത്രത്തിൽ എഗ്രിമെന്റ് നൽകേണ്ടതാണ്.
12. 2014 നവംബർ 11–ാം തിയതി വൈകീട്ട് 5 മണിക്കുമുമ്പായി പണികൾ പൂർത്തിയാക്കി കൈമാറേണ്ടതാണ്. സമയ പരിധി കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.
13. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ന്യൂഡൽഹിയിലെത്തി പവിലിയൻ പണികൾ പൂർത്തിയാക്കേണ്ടതാണ്.
14. വ്യാപാരമേള അവസാനിക്കുന്ന 2014 നവംബർ 27 വരെ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയന് ഏതെങ്കിലും കേടുപാടുകൾ ഉണ്ടായാൽ അത് തീർത്ത് നൽകുന്നതിന് ഒരു ആളുടെ സേവനം ലഭ്യമാക്കേണ്ടതാണ്.
15. കാരണം കാണിക്കാതെ തന്നെ ദർഘാസുകൾ നിരസിക്കുന്നതിനും വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
16. സാധാരണ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ